**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **18-03-2022 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ** | | **null<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജലജീവൻ മിഷനിലൂടെ ലക്ഷ്യമിട്ട കണക്ഷനുകളിൽ എത്ര ശതമാനം പൂർത്തിയാക്കാൻ സാധിച്ചുവെന്ന് അറിയിക്കാമോ; ലക്ഷ്യമിട്ട എണ്ണം കണക്ഷനുകൾ നൽകാനുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ജലജീവൻ മിഷനിലൂടെ 2020-21 വർഷം 21.42 ലക്ഷം കണക്ഷനുകളും 2021-22 വർഷം 29.38 ലക്ഷം കണക്ഷനുകളുമാണ് നൽകുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 2020-21-ൽ 4.04 ലക്ഷം (18.86%) കണക്ഷനുകളും 2021-22 ൽ മാർച്ച് മാസം പതിനൊന്നാം തീയതി വരെ 6.43 ലക്ഷം (21.89%) കണക്ഷനുകളും നല്കിയിട്ടുണ്ട്. 2019-20 വർഷം ദേശീയ തലത്തിൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. ജലജീവൻ മിഷൻ പദ്ധതി പ്രകാരം മൊത്തം 5 വർഷം കൊണ്ട് ഏകദേശം 53 ലക്ഷത്തിലധികം കണക്ഷനുകളാണ് സംസ്ഥാനത്തു നൽകേണ്ടിയിരുന്നത്. എന്നാൽ ഒരു വർഷം വൈകി ആരംഭിച്ചതിനാൽ ഇത്രയും കണക്ഷനുകൾ 4 വർഷം കൊണ്ട് പൂർത്തീകരിക്കേണ്ടതായി വരുന്നു. ഇതു വരെ ഏകദേശം 11 ലക്ഷത്തോളം കണക്ഷനുകൾ നൽകിക്കഴിഞ്ഞു. കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങളും തൊഴിലാളികളുടെ അഭാവവും മൂലം പ്രവർത്തനങ്ങൾ പലപ്പോഴും തടസ്സപെട്ടു. കൂടാതെ അതിശക്തമായ മഴയും വെള്ളപ്പൊക്കവും പദ്ധതി നിർവ്വഹണത്തിന് തടസ്സങ്ങൾ ഉണ്ടാക്കിയിരുന്നു.. ഇതിനു പുറമെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ നിർമ്മാണ വസ്തുക്കളുടെ ലഭ്യതയിലുണ്ടായ കുറവ്, വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം തുടങ്ങിയവയും പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. SCHEDULE OF RATES പുതുക്കിയതിനെത്തുടർന്ന് എസ്റ്റിമേറ്റ് അംഗീകാരത്തിനും ടെൻഡർ നടപടികൾക്കും കാലതാമസം നേരിട്ടുകയുണ്ടായി. പദ്ധതികൾക്കാവശ്യമായ സ്ഥലം വേഗത്തിൽ |

| | | | |
|---|---|---|---|
| | | | ലഭ്യമാകാത്തതും, റോഡുകളിൽ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങളും പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നുണ്ട്. |
| (ബി) | പദ്ധതിയുടെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ടോ; ജില്ലാതല അവലോകന യോഗങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പദ്ധതിയുടെ പുരോഗതി ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ജില്ലാടിസ്ഥാനത്തിലുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു. ജലജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ജില്ലാ കളക്ടർമാർ അധ്യക്ഷരായുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ അവലോകനം നടത്തുന്നുണ്ട്. ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള SW & SM എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതി നിർവഹണത്തിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതി നിർവ്വഹണത്തിന്റെ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ കേന്ദ്ര-സംസ്ഥാന സർക്കാരുകളും പദ്ധതിയുടെ അവലോകനം നടത്തുന്നുണ്ട്. ബഹു.മുഖ്യമന്ത്രി മുൻഗണനാപദ്ധതിയിലുൾപ്പെടുത്തി ഈ പദ്ധതിയുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നുണ്ട്. |
| (സി) | ജല ജീവൻ മിഷന്റെ മാനദണ്ഡ പ്രകാരം ആവശ്യമായ ഭൂമി എങ്ങനെ ലഭ്യമാക്കണമെന്നാണ് വിവക്ഷിക്കുന്നത്; പ്രസ്തുത സ്ഥലം തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കണമെന്ന് നിബന്ധനയുണ്ടോ; | (സി) | ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. സ്ഥലം ലഭ്യമാക്കുന്നതിന് കേന്ദ്ര വിഹിതം അനുവദനീയമല്ല. ഇപ്രകാരം കേന്ദ്രവിഹിതം അനുവദനീയമല്ലാത്ത ഘടകങ്ങൾക്ക് ഫണ്ട് ആവശ്യമായി വരികയാണെങ്കിൽ അത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. നിലവിൽ സർക്കാർ ഉടമസ്ഥതയിലും ഗ്രാമപഞ്ചായത്തുകളുടെയും, കേരള ജല അതോറിറ്റിയുടെയും ഉടമസ്ഥതയിലുമുള്ള സ്ഥലങ്ങൾ പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ഡി) | തദ്ദേശസ്ഥാപനങ്ങൾക്ക് സ്ഥലം വാങ്ങുന്നതിന് വലിയ തുക കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ഈ പ്രതിസന്ധി എങ്ങനെ മറികടക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | ജലജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്. സ്ഥലം ലഭ്യമാക്കുന്നതിന് കേന്ദ്ര വിഹിതം അനുവദനീയമല്ല. ഇപ്രകാരം കേന്ദ്രവിഹിതം അനുവദനീയമല്ലാത്ത ഘടകങ്ങൾക്ക് ഫണ്ട് |

| | | | |
|---|---|---|---|
| | | | ആവശ്യമായി വരികയാണെങ്കിൽ അത് സംസ്ഥാന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. നിലവിൽ സർക്കാർ ഉടമസ്ഥതയിലും ഗ്രാമപഞ്ചായത്തുകളുടെയും, കേരള ജല അതോറിറ്റിയുടെയും ഉടമസ്ഥതയിലുമുള്ള സ്ഥലങ്ങൾ പദ്ധതിക്ക് വേണ്ടി ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ഇ) | റോഡ് കട്ടിങ്ങുമായി ബന്ധപ്പെട്ട് കണക്ഷൻ നൽകാനാകാത്ത സാഹചര്യം മറികടക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും നൽകിയ കണക്ഷനുകളിൽ വെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ? | (ഇ) | ജലജീവൻ മിഷൻ പദ്ധതിക്കായി പൊതു നിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയവയുടെ അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് നിശ്ചിത വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അനുമതി ലഭ്യമാകാൻ കാലതാമസം നേരിടുന്ന സാഹചര്യങ്ങളിൽ ഉദ്യോഗസ്ഥതലത്തിലും ബന്ധപ്പെട്ട ജനപ്രതിനിധികളുടെ തലത്തിലും ഇടപെടൽ നടത്തി പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനാ പട്ടികയിലുൾപ്പെടുത്തിയിട്ടുള്ള ജലജീവൻ മിഷൻ പദ്ധതിക്കായി റോഡ് കട്ടിങ് അനുമതി ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി സർക്കാർ തലത്തിൽ നേരിട്ട് ഇടപെടൽ നടത്തുന്നുണ്ട്. PWD അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനായി പൈപ്പ് സ്ഥാപിക്കുന്ന PWD റോഡുകൾ നിർവഹണ ഏജൻസി തന്നെ പൂർവസ്ഥിതിയിൽ ആക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി പ്രകാരം കണക്ഷനുകൾ നൽകുമ്പോൾ മാർഗരേഖ പ്രകാരം പ്രതിദിന ആളോഹരി ജലലഭ്യത 55 ലിറ്റർ ഉറപ്പാക്കുന്നുണ്ട്. ഇതിനായി ആവശ്യമായ സാഹചര്യങ്ങളിൽ സ്രോതസ്സുകളുടെ മെച്ചപ്പെടുത്തൽ ഉൾപ്പെടെയുള്ള അനിവാര്യ ഘടകങ്ങൾകൂടി ഉൾപ്പെടുത്തിയുള്ള പദ്ധതികളാണ് വിഭാവനം ചെയ്തു നടപ്പിലാക്കി വരുന്നത്. 100% ഗ്രാമീണ ഭവനങ്ങളിലും ടാപ്പ് വഴി കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയും പദ്ധതികൾ എല്ലാം തന്നെ SLSSC അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ച 100% കണക്ഷനുകളിലും വെള്ളം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## ജലജീവൻ മിഷൻ- ജില്ല തിരിച്ചുള്ള കണക്ക്

| ക്രമ നം. | ജില്ല | ആകെ ഗ്രാമീണ വീടുകൾ | 2020 ഏപ്രിലിൽ നിലവിലുണ്ടായിരുന്ന കണക്ഷനുകൾ | ബാക്കി നൽകുവാനുണ്ടായിരുന്ന കണക്ഷനുകൾ (2020 ഏപ്രിലിലെ കണക്കുപ്രകാരം | ഭരണാനുമതി നല്കിയ കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (കോടിയിൽ) | സാങ്കേതികാനുമതി നല്കിയ കണക്ഷനുകളുടെ എണ്ണം | ടെണ്ടർ ചെയ്ത കണക്ഷനുകളുടെ എണ്ണം | 2020 ഏപ്രിൽ മുതൽ നല്കിയ കണക്ഷനുകൾ (2022 മാർച്ച് 11 വരെ) |
|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 686069 | 166812 | 519257 | 514215 | 2791.45 | 354024 | 353328 | 111110 |
| 2 | കൊല്ലം | 616332 | 147779 | 468553 | 429931 | 1810.46 | 384354 | 370751 | 135617 |
| 3 | പത്തനംതിട്ട | 358119 | 85230 | 272889 | 207908 | 1689.62 | 131462 | 108764 | 35191 |
| 4 | കോട്ടയം | 482878 | 109944 | 372934 | 280661 | 2109.85 | 151408 | 151408 | 61560 |
| 5 | ഇടുക്കി | 279634 | 58191 | 221443 | 156810 | 1511.11 | 72856 | 48565 | 21081 |
| 6 | ആലപ്പുഴ | 549573 | 195453 | 354120 | 319051 | 691.23 | 243921 | 202252 | 110420 |
| 7 | എറണാകുളം | 628046 | 265391 | 362655 | 264315 | 1656.52 | 173298 | 157371 | 83752 |
| 8 | തൃശ്ശൂർ | 608250 | 178629 | 429621 | 317447 | 2066.53 | 161593 | 161593 | 63591 |
| 9 | പാലക്കാട് | 662551 | 148887 | 513664 | 477635 | 2660.6 | 416481 | 407769 | 129618 |
| 10 | മലപ്പുറം | 797512 | 143576 | 653936 | 612989 | 4992.9 | 513261 | 340109 | 97857 |
| 11 | കോഴിക്കോട് | 514666 | 86272 | 428394 | 435223 | 3450.21 | 416048 | 171626 | 57127 |
| 12 | വയനാട് | 191308 | 42839 | 148469 | 142991 | 1205.5 | 68842 | 37848 | 8464 |
| 13 | കണ്ണൂർ | 440192 | 80423 | 359769 | 362218 | 3342.81 | 234120 | 201468 | 100301 |
| 14 | കാസർഗോഡ് | 253522 | 40141 | 213381 | 194252 | 1320.31 | 170231 | 93830 | 21177 |
| **ആകെ** | | **7068652** | **1749567** | **5319085** | **4715646** | **31299.1** | **3491899** | **2806682** | **1036866** |